നം. സി.ഇ.ഇ/3932/2008/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

**വിജ്ഞാപനം**

# മെഡിക്കൽ വിഭാഗത്തിൽ ഒഴിവു വന്നിട്ടുള്ള സർക്കാർ സീറ്റുകളിലേയ്ക്ക് പ്രത്യേക അലോട്ട്മെന്റ് - 2008

**സൂചന:- (1) Order of the Hon'ble Supreme Court in W.P.(C)No.500/2008, Dated: 21.11.2008.**
**(2) G.O.(Rt)No. 4197/2008/H&FWD.Thiruvananthapuram, Dated: 17.12.2008.**

2008ലെ മെഡിക്കൽ-എൻജിനീയറിംഗ് കോഴ്സുകളിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ 22.10.2008ന് അവസാന അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ അലോട്ട്മെന്റിന് ശേഷം മെഡിക്കൽ വിഭാഗത്തിൽ ഏതാനും സീറ്റുകളും, അസ്സീസിയ മെഡിക്കൽ കോളേജിലെ എം.ബി.ബി.എസ്. കോഴ്സിലേയ്ക്ക് നടത്തിയ പ്രത്യേക അലോട്ട്മെന്റിന് ശേഷം മെഡിക്കൽ വിഭാഗത്തിൽ ഏതാനും സീറ്റുകളും ഒഴിവ് വന്നിട്ടുണ്ട്. ഈ ഒഴിവുകളിലേയ്ക്കായി പ്രവേശന പരീക്ഷാ കമ്മീഷണർ ഒരു പ്രത്യേക ഓൺലൈൻ അലോട്ട്മെന്റ് നടത്തുന്നതാണ്. സീറ്റ് ഒഴിവുള്ള കോളേജുകളും കോഴ്സുകളും ചുവടെ ചേർക്കുന്നു:

| നം. | കോളേജ് | കോഴ്സ് | വിഭാഗം | ഫീസ് |
|---|---|---|---|---|
| 1 | പരിയാരം ഡെന്റൽ കോളേജ്, കണ്ണൂർ | ബി.ഡി.എസ്. | സർക്കാർ സീറ്റ് | 23,000/- രൂപ |
| 2 | അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം, കണ്ണൂർ | എം.ബി.ബി.എസ്. | മാനേജ്മെന്റ് സീറ്റ് | 4,35,000/- രൂപ |
| 3 | കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കൊച്ചി | എം.ബി.ബി.എസ്. | മാനേജ്മെന്റ് സീറ്റ് | 4,35,000/- രൂപ |
| 4 | സർക്കാർ ഡെന്റൽ കോളേജുകൾ | ബി.ഡി.എസ്. | സർക്കാർ സീറ്റ് | 23,000/- രൂപ |
| 5 | സർക്കാർ/എയ്ഡഡ് ആയുർവേദ കോളേജുകൾ | ബി.എ.എം.എസ്. | സർക്കാർ സീറ്റ് | 1,795/- രൂപ |
| 6 | സർക്കാർ/എയ്ഡഡ് ഹോമിയോ മെഡിക്കൽ കോളേജുകൾ | ബി.എച്ച്.എം.എസ്. | സർക്കാർ സീറ്റ് | 2,087/- രൂപ |
| 7 | സർക്കാർ ഫാർമസി കോളേജുകൾ | ബി.ഫാം. | സർക്കാർ സീറ്റ് | 20,000/- രൂപ |
| 8 | ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം | ബി.എസ്.സി. എം.എൽ.റ്റി | സർക്കാർ സീറ്റ് | 18,000/- രൂപ |
| 9 | സർക്കാർ നഴ്സിംഗ് കോളേജുകൾ | ബി.എസ്.സി. നഴ്സിംഗ് | സർക്കാർ സീറ്റ് | 20,000/- രൂപ |

ഓരോ കോളേജിലെയും ഒഴിവുള്ള സീറ്റുകളുടെ എണ്ണം www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ സ്വകാര്യ സ്വാശ്രയ കോളേജുകളിലെ ഗവണ്മെന്റ് സീറ്റിൽ അഡ്മിഷൻ നേടി പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കും സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിലെ സർക്കാർ/മാനേജ്മെന്റ് സീറ്റുകളിൽ അഡ്മിഷൻ നേടി പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കും, ഈ ഓപ്ഷൻ വഴി പുതിയ അലോട്ട്മെന്റ് നേടുകയാണെങ്കിൽ ലിക്വിഡേറ്റഡ് ഡാമേജസ് ബാധകമായിരിക്കും. എന്നാൽ സർക്കാർ/എയ്ഡഡ് കോളേജുകളിൽ അഡ്മിഷൻ നേടി പഠിച്ചു കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ലിക്വിഡേറ്റഡ് ഡാമേജസ് ബാധകമായിരിക്കില്ല.

**19.12.2008 രാവിലെ 11.00 മണി മുതൽ 21.12.2008 വൈകുന്നേരം 5.00 മണി വരെ** വിദ്യാർത്ഥികൾക്ക് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽകൂടി ഓപ്ഷനുകൾ നൽകാവുന്നതാണ്. **മുൻ അലോട്ട്മെന്റുകളിലേയ്ക്ക് വിദ്യാർത്ഥികൾ നൽകിയിട്ടുള്ള ഓപ്ഷനുകൾ ഈ അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല.**

അലോട്ട്മെന്റ് **22.12.2008** ന് വൈകുന്നേരം പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **2008 ഡിസംബർ 23 മുതൽ 27 വരെ തീയതികളിൽ** എസ്.ബി.റ്റിയുടെ തെരെഞ്ഞെടുത്ത ശാഖകളിൽ ഫീസ് അടയ്ക്കേണ്ടതാണ്. ഇതൊരു പ്രത്യേക അലോട്ട്മെന്റായതിനാൽ, അലോട്ട്മെന്റ് ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികളും പുതുതായി അലോട്ട്മെന്റ് ലഭിച്ച കോഴ്സിലേയ്ക്കുള്ള ഫീസ് അടയ്ക്കേണ്ടതാണ്. മുൻപ് ഫീസ് അടച്ചിട്ടുള്ള വിദ്യാർത്ഥികളും ഈ അലോട്ട്മെന്റ് ലഭിച്ചാൽ പ്രസ്തുത കോഴ്സ് ഫീ ഒടുക്കേണ്ടതാണ്.

**22.12.2008 നുള്ള അലോട്ട്മെന്റിനുശേഷം, 23.12.2008 രാവിലെ 10 മണി മുതൽ 27.12.2008 വൈകുന്നേരം 5 മണി വരെ**, വിദ്യാർത്ഥികൾക്ക് അവരവരുടെ ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യാനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. തൃപ്തികരമായ അലോട്ട്മെന്റ് ലഭിച്ച് ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യാൻ താത്പര്യമുള്ളവർ, **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്.

**ഡിസംബർ 27-ാം തീയതി വരെ** ഫീസ് അടയ്ക്കാത്ത വിദ്യാർത്ഥികൾക്ക് ഈ അലോട്ട്മെന്റ് പ്രകാരം ലഭിച്ച അലോട്ട്മെന്റ് റദ്ദ് ചെയ്യുന്നതും ഈ സീറ്റുകൾ ഒഴിവുകളായി പരിഗണിച്ച് **31.12.2008** ന് വൈകുന്നേരം ഒരു അലോട്ട്മെന്റ് കൂടി പ്രസിദ്ധീകരിക്കുന്നതാണ്.

**22.12.2008** ന് അലോട്ട്മെന്റ് ലഭിച്ച് ഫീസ് അടച്ച എല്ലാ വിദ്യാർത്ഥികളും **31.12.2008** ന് **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് സന്ദർശിച്ച്, അവരവരുടെ ഹയർ ഓപ്ഷൻ അനുസരിച്ച് അലോട്ട്മെന്റിൽ മാറ്റം വന്നിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇപ്രകാരം **31.12.2008** ന് ഹയർ ഓപ്ഷനിൽ അലോട്ട്മെന്റ് മാറ്റം ലഭിക്കുന്ന വിദ്യാർത്ഥികളും, പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളും അതാതു കോഴ്സിലേയ്ക്കുള്ള ഫീസ്, അവരവരുടെ അലോട്ട്മെന്റ് പേജിൽ അനുശാസിക്കുന്ന പ്രകാരം **2009 ജനുവരി 1, 2, 3 തീയതികളിൽ** എസ്.ബി.റ്റിയുടെ തെരെഞ്ഞെടുത്ത ശാഖകളിൽ ഒടുക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച് ഫീസ് അടച്ച വിദ്യാർത്ഥികൾ **2009 ജനുവരി 1-ാം തീയതി മുതൽ 6-ാം തീയതിക്കകം അതാതു** കോളേജുകളിൽ ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്.

തിരുവനന്തപുരം

18.12.2008

**പ്രവേശന പരീക്ഷാ കമ്മീഷണർ**